ചോദ്യോത്തരം

മുജീബ്

# ദഅ്‌വത്തിന്റെ സുന്നീ വ്യാഖ്യാനം

■ *“തീവ്രവാദപരമായ ഭീകരതയിലേക്ക് നയിക്കുന്ന ചിന്തകൾ സമുദായത്തിലേക്ക് കടന്നുവന്നത് ഖുർആനിനും സുന്നത്തിനും സ്വന്തമായി വ്യാഖ്യാനങ്ങൾ ചമയ്ക്കാനും പൂർവിക പണ്ഡിതരെ അവഗണിക്കാനും ചിലർ തുനിഞ്ഞതുകൊണ്ടാണ്. ഇസ്‌ലാമിക ദഅ്‌വത്ത് സംബന്ധിച്ചുള്ള വികലാശയങ്ങളാണ് ഇതിന്റെ മൂലകാരണം. അമുസ്‌ലിംകളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്നതു മാത്രമാണ് ദഅ്‌വത്തെന്നും സമുദായത്തിനകത്തെ സമുദ്ധാരണ പ്രവർത്തനങ്ങൾക്ക് മറ്റൊരു പേരാണെന്നുമുള്ള വികല ചിന്തയുടെ ഉപജ്ഞാതാക്കൾ ജമാഅത്തെ ഇസ്‌ലാമിയാണ്. നാം മുസ്‌ലിംകൾ പ്രബോധക സമുദായവും അമുസ്‌ലിംകൾ പ്രബോധിതരുമാണെന്നതും പുത്തൻ വാദമാണ്. ഈ ദഅ്‌വത്ത് ഓരോ മുസ്‌ലിമിന്റെയും വ്യക്തിപരമായ ബാധ്യതയാണെന്നു കൂടി ഇവർ ജൽപിക്കുന്നു. അവിവേകികളായ ചെറുപ്പക്കാരെ ഇതെല്ലാം കുറച്ചൊന്നുമല്ല വഴിതെറ്റിക്കുന്നത്.”*

*“പഴയകാല ഉലമാഇന്റെ ദഅ്‌വത്ത് സംബന്ധിച്ച നിലപാട് പഠിച്ചിരുന്നുവെങ്കിൽ ഇതൊന്നും സംഭവിക്കുമായിരുന്നില്ല. അന്ത്യനാൾ വരെയുള്ള ജനങ്ങൾക്ക് -മനുഷ്യ-ഭൂതവർഗങ്ങൾക്ക് മുഴുവൻ ദീനീ ദഅ്‌വത്ത് എത്തിക്കുക എന്ന ദൗത്യം പ്രവാചക തിരുമേനി(സ) നിർവഹിച്ചിട്ടുണ്ടെന്നാണ് കഴിഞ്ഞ കാല ഇമാമുകൾ പഠിപ്പിക്കുന്നത്. അഞ്ചു നേരത്തെ ജമാഅത്തു നമസ്കാരം, അവയുടെ ബാങ്കുകൾ, ആഴ്ചാന്തമുള്ള ജുമുഅ, വർഷാന്തമുള്ള പെരുന്നാൾ നിസ്കാരങ്ങൾ, പരസ്യമായി നടക്കുന്ന സകാത്ത്, റമദാൻ നോമ്പ്, ആർക്കും മറഞ്ഞുപോകാത്ത ഹജ്ജ് എന്നിങ്ങനെയുള്ള ഇസ്‌ലാമിക ചിഹ്നങ്ങൾ അതിന്റെ നിയമപ്രകാരം നിലനിർത്തിപ്പോരുകയും അങ്ങനെ ഇസ്‌ലാം ദീനിനെ അമുസ്‌ലിംകൾക്കിടയിൽ അണഞ്ഞുപോകാതെ നിലനിർത്തുകയുമാണ് ഇസ്‌ലാമിക പ്രബോധനത്തിന്റെ പേരിൽ നമ്മുടെ ബാധ്യതയെന്നും അവർ വിശദീകരിച്ചു. ഇതിനപ്പുറം അമുസ്‌ലിംകളിലേക്കിറങ്ങിച്ചെന്നു അവരെ നേരിട്ട് ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയെന്ന കടമ ദഅ്‌വത്തിന്റെ പേരിൽ നമുക്ക് നിർബന്ധമാവുകയില്ലെന്നും, ഇന്ത്യ പോലുള്ള ബഹുമതക്കാർ ഇടകലർന്നു ജീവിക്കുന്ന രാഷ്ട്രങ്ങളിൽ ഇത്തരം പ്രബോധന പ്രവർത്തനങ്ങൾ ചിലപ്പോൾ പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കുമെന്നുമാണ് അവർ ചൂണ്ടിക്കാട്ടിയത്. സുന്നീ ഉമലാക്കൾ ഈ വിഷയത്തിൽ ഇതഃപരിന്ത്യം സ്വീകരിച്ച നിലപാടും ഇതുതന്നെയാണ്.”*

*സംസ്ഥാന ജംഇയ്യത്തുൽ ഉലമാ എന്ന സുന്നീ വിഭാഗത്തിന്റെ നേതാവ് ചന്ദ്രിക ദിനപത്രത്തിൽ (5.02.’09) എഴുതിയ ലേഖനത്തിൽനിന്നാണ് ഈ വരികൾ. ഇവരടക്കമുള്ള കക്ഷികളുടെ വിഴുപ്പലക്കൽ മൂലം ഇസ്‌ലാം ഏറെ തെറ്റിദ്ധരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോൾ പരിമിതിയോടെയാണെങ്കിലും കുറച്ചാളുകളെങ്കിലും പ്രബോധന പ്രവർത്തനങ്ങൾ നിർവഹിക്കുന്നുവെന്നാണ് അൽപമെങ്കിലും പ്രതീക്ഷ നൽകുന്നത്. അതിന്റെ സദ്ഫലങ്ങൾ കാണുന്നുമുണ്ടെന്നിരിക്കെ ഇതൊക്കെ തെറ്റാണെന്നും ബാങ്കിലൂടെയും നമസ്കാരത്തിലൂടെയും മറ്റുമിവിടെ ശരിയായ ദഅ്‌വത്ത് നിർവഹിക്കപ്പെടുന്നുണ്ടെന്നുമുള്ള വാദത്തെ മുജീബ് എങ്ങനെ വിലയിരുത്തുന്നു?*

***അബ്ദുൽ അസീസ് വെളിമുക്ക്***

**ഇ**സ്‌ലാമിന്റെ മൗലികപ്രമാണങ്ങളായ വിശുദ്ധ ഖുർആനെയും പ്രവാചക ചര്യയെയും തദടിസ്ഥാനത്തിൽ പൂർവസൂരികൾ കാട്ടിത്തന്ന പ്രായോഗിക മാതൃകയെയും പാടെ അവഗണിച്ച് പിൽക്കാല സൃഷ്ടിയായ കർമശാസ്ത്രമാണ് സർവസ്വമെന്ന് തെറ്റിദ്ധരിക്കുകയും കർമശാസ്ത്രപരമായ കാഴ്ചപ്പാടിലൂടെ മാത്രം ഇസ്‌ലാമിക ജീവിതദർശനത്തെ നോക്കിക്കാണുകയും ചെയ്യുന്ന ചരിത്രപരമായ മണ്ടത്തരത്തിന്റെ മികച്ച ഉദാഹരണമാണ് ചോദ്യത്തിൽ ഉദ്ധരിച്ച വരികൾ.അറുപതുകളിൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമായിൽനിന്ന് ഉച്ചഭാഷിണി പ്രശ്നത്തിന്റെ പേരിൽ വിഘടിച്ചുപോയ ഒരു പണ്ഡിതസംഘടനയുടെ പ്രധാന വക്താവാണ് ലേഖകനെങ്കിലും കേരളത്തിലെ മതയാഥാസ്ഥിതിക ധാരയുടെ മൊത്തം ചിന്തയാണ് അദ്ദേഹത്തിന്റെ ലേഖനത്തിൽ പ്രതിഫലിക്കുന്നത് എന്നതുകൊണ്ട് പ്രതികരണം പ്രസക്തമാവുന്നു.

1) ക്ഷണം എന്നർഥമുള്ള ‘ദഅ്‌വത്ത്’ ഖുർആൻ സൂക്തങ്ങളുടെ വെളിച്ചത്തിലാണ്, ഫിഖ്ഹ് ഗ്രന്ഥങ്ങളിലൂടെയല്ല വിവക്ഷിക്കപ്പെടേണ്ടത്. ‘നിന്റെ നാഥന്റെ മാർഗത്തിലേക്ക് യുക്തിയും സദുപദേശവും വഴി നീ ക്ഷണിക്കുക, അവരോട് ഉത്കൃഷ്ട മാർഗേണ സംവദിക്കുകയും ചെയ്യുക’ (*അന്നഹ്ൽ* 125), ‘കാര്യത്തിൽ അവർ നിന്നോട് തർക്കിക്കേണ്ട കാര്യമില്ല. നിന്റെ നാഥന്റെ മാർഗത്തിലേക്ക് നീ ക്ഷണിക്കുക’ (*അൽഹജ്ജ്* 67), ‘നിന്റെ നാഥന്റെ മാർഗത്തിലേക്ക് നീ ക്ഷണിക്കുക; നീ ബഹുദൈവവിശ്വാസികളിൽ പെട്ടുപോകരുത്’ (*അൽഖസ്വസ്* 87), ‘പ്രവാചകരേ, നിശ്ചയമായും നാം താങ്കളെ സാക്ഷിയായും സുവിശേഷം അറിയിക്കുന്നവനായും മുന്നറിയിപ്പുകാരനായും അല്ലാഹുവിലേക്ക് അവന്റെ അനുമതിയോടെ ക്ഷണിക്കുന്നവനായും നിയോഗിച്ചിരിക്കുന്നു’ (*അൽഅസ്ഹാബ്* 45,46), ‘അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും താൻ മുസ്‌ലിംകളിൽ പെട്ടവൻ തന്നെയാണെന്ന് പ്രഘോ

ഷിക്കുകയും ചെയ്തവനേക്കാൾ ഉത്തമ വചനം ആരുതേടാണ്' (*ഫുസ്സിലത്ത്* 33).

ഈ സൂക്തങ്ങളിലത്രയും പ്രതിപാദിച്ച ക്ഷണം അഥവാ പ്രബോധനം ആര് ആരോട് നടത്തേണ്ടതാണ്? മുസ്‌ലിംകൾ സാമ്പ്രദായിക മുസ്‌ലിംകളോട് നടത്തേണ്ടതോ, അതല്ല ഇസ്‌ലാം എന്തെന്നറിയാത്ത മനുഷ്യരോട് നടത്തേണ്ടതോ? സാമ്പ്രദായിക വിശ്വാസികളെ സംസ്കരിക്കുകയാണ് പ്രബോധനമെങ്കിൽ അന്ത്യപ്രവാചകൻ നിയുക്തനാവേണ്ടത് യഹൂദരും ക്രൈസ്തവരുമായ ഇസ്രാഈല്യരിലായിരുന്നു. അവരാണ് ഖുർആന്റെ ദൃഷ്ടിയിൽ വേദത്തിന്റെ അവകാശികൾ. തങ്ങളിലല്ല പ്രവാചകൻ നിയുക്തനായത് എന്നതായിരുന്നു ഇസ്രാഈല്യർക്ക് മുഹമ്മദ് നബി(സ)യോടുള്ള എതിർപ്പിന്റെ ഒന്നാമത്തെ കാരണവും. എന്നാൽ തൗഹീദ് എന്തെന്നറിയാതെ വിഗ്രഹാരാധകരായിത്തീർന്ന അറേബ്യയിലെ നിരക്ഷരരായ മുശ്‌രിക്കുകളിലാണ് അല്ലാഹു അവരിൽനിന്നുതന്നെ പ്രവാചകനെ തെരഞ്ഞെടുത്തയച്ചത്.

അതല്ലെങ്കിൽ, ഉപര്യുക്ത ഖുർആൻ സൂക്തങ്ങളുടെ പ്രസക്തി മുഹമ്മദ് നബി(സ)യോടെ അവസാനിച്ചുവെന്നും തിരുമേനിക്ക് ശേഷം ശിഷ്യന്മാരുടെ ജോലി പരസ്പരം നന്നാക്കലായിരുന്നു എന്നും വാദിക്കണം. എങ്കിൽ ഹജ്ജത്തുൽ വിദാഇലെ ചരിത്രപ്രധാനമായ പ്രസംഗത്തിൽ സത്യദീനിന്റെ സന്ദേശം തന്റെ ജനതക്ക് നൽകി എന്ന് അവരോട് തന്നെ ഉറപ്പാക്കിയ ശേഷം പ്രവാചകൻ 'ഹാജറുള്ളവൻ ഹാജറില്ലാത്തവന് എത്തിക്കട്ടെ; നേരിൽ ശ്രദ്ധിച്ചവനേക്കാൾ കാര്യം ഗ്രഹിക്കുന്ന എത്രയെത്ര കേട്ടറിവുകാരുണ്ട്' എന്ന് ആഹ്വാനം ചെയ്തതിന്റെ പ്രസക്തി എന്ത്? ആഹ്വാനം ഉൾക്കൊണ്ട് അറേബ്യൻ അർധദ്വീപിന പ്പുറത്തേക്ക് ഇസ്‌ലാമിന്റെ സന്ദേശവാഹകരായി സ്വഹാബികൾ പുറപ്പെട്ടത് എന്തിന്? ചരിത്രത്തെ അമ്പരപ്പിച്ച വേഗതയിൽ ഏഷ്യനാഫ്രിക്കൻ നാടുകളിലും യൂറോപ്പിലും ഇസ്‌ലാം പ്രചരിച്ചതെങ്ങനെ? ഈ ദൗത്യം ഒരു പ്രത്യേക കാലഘട്ടം വരെ മാത്രമേ നിറവേറ്റേണ്ടതുള്ളൂ എന്ന് സൂചിപ്പിക്കുന്ന ഖുർആൻ സൂക്തങ്ങളോ ഹദീസുകളോ ഉണ്ടോ? ഏതെങ്കിലും മതപണ്ഡിതന്മാർ വ്യാഖ്യാന കസർത്തുകളിലൂടെ പ്രബോധന വന്ധ്യംകരണത്തിന് ന്യായങ്ങൾ കണ്ടെത്തിയാൽ തന്നെ താഴെ പറയുന്ന ഖുർആൻ വചനങ്ങളുടെ കാര്യത്തിൽ എന്ത് ചെയ്യും? 'നിങ്ങൾ മുഖേന നന്മയിലേക്ക് ക്ഷണിക്കുകയും നല്ലത് കൽപിക്കുകയും തിന്മ നിരോധിക്കുകയും ചെയ്യുന്ന ഒരു സമൂഹം ഉണ്ടാവട്ടെ', 'ജനങ്ങൾക്കു വേണ്ടി നിയുക്തരായ ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ നല്ലത് കൽപിക്കുകയും തിന്മ തടയുകയും ചെയ്യുന്നു', 'അപ്രകാരം നിങ്ങളെ നാം ഒരു മധ്യമ സമുദായമാക്കിയിരിക്കുന്നു, നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളാവാൻ, പ്രവാചകൻ നിങ്ങൾക്ക് സാക്ഷിയാവാനും' ഈ സൂക്തങ്ങളിലെ 'ജനങ്ങൾ' സർവ മനുഷ്യരുമാണെന്നിരിക്കെ മുസ്‌ലിം സമുദ്ധാരണ പ്രവർത്തനങ്ങളാണ് ദഅ്‌വത്ത് എന്ന് എങ്ങനെ വാദിക്കും? എല്ലാം പോകട്ടെ, ഖാജാമുഈനുദ്ദീൻ ഛിശ്തി, ശൈഖ് നിസാമുദ്ദീൻ ബാബാ ഫരീദ് തുടങ്ങിയ നിരവധി സ്വൂഫീവര്യന്മാരും കേരളത്തിലെത്തിയ മാലിക് ബിൻ ദീനാറും കൂട്ടുകാരും ഹിന്ദുക്കളിൽ പ്രബോധന പ്രവർത്തനം നടത്തിയിരുന്നില്ലെങ്കിൽ ഒരു മുസ്‌ലിം സമുദായം ഈ രാജ്യത്തുണ്ടാവുമായിരുന്നോ? ഇന്നും 130 കോടി മുസ്‌ലിംകളെ ഒഴിച്ചുനിർത്തിയാൽ ലോക ജനസംഖ്യയിൽ അവശേഷിക്കുന്ന 507 കോടി ജനങ്ങൾക്ക് സന്മാർഗം കാണിച്ചുകൊടുക്കേണ്ടതില്ലെന്നാണോ? അതോ അവരെ നേർവഴി കാണിക്കാൻ പുതിയൊരു പ്രവാചകൻ വരുമെന്നാണോ? 'നീ മുഖേന ഒരുവനെങ്കിലും സന്മാർഗം പ്രാപിക്കുന്നതാണ് ലോകമാകെ ലഭിക്കുന്നതിനേക്കാൾ നിനക്ക് നല്ലത്' എന്ന നബിവചനം കാലഹരണപ്പെട്ടുവോ?

2) പള്ളിയും ബാങ്കും നമസ്കാരവും നോമ്പും ഹജ്ജുമൊക്കെ കാണുന്ന അമുസ്‌ലിംകൾ സ്വതേ സത്യസന്ദേശം ഗ്രഹിച്ചുകൊള്ളും എന്ന ശുഭാപ്തി എന്തുമാത്രം മൗഢ്യമല്ല! ബാങ്കിന്റെ അർഥവും നമസ്കാരത്തിന്റെ പൊരുളും നോമ്പിന്റെ ആത്മാവും ഹജ്ജിന്റെ ലക്ഷ്യവുമൊക്കെ ആരും പഠിപ്പിക്കാതെയും അറിയിക്കാതെയും അമുസ്‌ലിംകൾക്കിരിക്കട്ടെ, മുസ്‌ലിംകൾക്ക് പോലും മനസ്സിലാവുന്ന വിദ്യ എന്താണ്? ആരാധനകൾ മനസ്സിലാവണമെങ്കിൽ അതിനാധാരമായ തൗഹീദും രിസാലത്തും ആഖിറത്തും അറിഞ്ഞിരിക്കണം. ഇബാദത്തുകളുടെ ചൈതന്യവും ഫലവും ഗ്രഹിക്കണം. അതൊക്കെ പഠിപ്പിച്ചുകൊടുക്കുന്നതിന്റെ പേരാണ് ദഅ്‌വത്ത്. ഇസ്‌ലാം സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും ജീവിതദർശനമാണെന്ന് അമുസ്‌ലിംകൾ മനസ്സിലാക്കുമ്പോഴാണ് അതിന്റെ പേരിൽ ആരോപിക്കപ്പെടുന്ന തീവ്രവാദവും ഭീകരതയും അടിസ്ഥാനരഹിതമാണെന്ന് അവർ തിരിച്ചറിയുക; നാമമാത്ര മുസ്‌ലിംകളല്ല ഇസ്‌ലാമിന്റെ പ്രതിനിധികളെന്ന് അവർ കണ്ടെത്തുക.

ഹിജ്റ ഒന്നാം ശതകത്തിൽതന്നെ ഇസ്‌ലാം കടന്നുവന്ന നാടാണ് ഇന്ത്യ. അന്നു മുതൽ ഇന്നുവരെ കോടിക്കണക്കിന് രാജ്യനിവാസികൾ ഇസ്‌ലാമിലേക്ക് ആകൃഷ്ടരായി. അതിന്റെ മേന്മയും സദ്ഫലങ്ങളും ബോധ്യപ്പെട്ടാണ് വന്നത്, അല്ലാതെ ബാങ്ക് കേട്ടിട്ടല്ല! സമാധാനപരമായ സത്യപ്രബോധനം കൊണ്ട് ഇന്നേവരെ രാജ്യത്തൊരു കുഴപ്പവും കലാപവും ഉണ്ടായിട്ടില്ല. സങ്കുചിത മതവീക്ഷണവും വർഗീയതയും ഇസ്‌ലാം വാളുകൊണ്ട് പ്രചരിച്ചു എന്നതുപോലുള്ള മിഥ്യാധാരണകളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണ് ഇസ്‌ലാമിന്റെ പ്രതിഛായ തകർത്തതും തെറ്റിദ്ധാരണകൾ സൃഷ്ടിച്ചതും. അതുകൊണ്ടാണ് സാമുദായിക ബന്ധങ്ങൾ മോശമായതും പരസ്പരം അവിശ്വാസം വളർന്നതും കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടതും. ഇതിന് പ്രതിവിധി ഒരു വശത്ത് യുക്തിപൂർവമായ പ്രബോധനവും മറുവശത്ത് മുസ്‌ലിം സമൂഹത്തിന്റെ സംസ്കരണവുമാണ്. സംസ്കരണമെന്നാൽ ദഅ്‌വത്തല്ല, ഇസ്‌ലാഹും തസ്കിയത്തുമാണ്. ദഅ്‌വത്തിന് തുല്യ പ്രധാന്യമുള്ള ദൗത്യമായാണ് ജമാഅത്തെ ഇസ്‌ലാമിയുടെ പോളിസി-പ്രോഗ്രാമിൽ ഇസ്‌ലാഹിനെ പരിഗണിച്ചിട്ടുള്ളത്. മതപണ്ഡിതന്മാർക്ക് ദഅ്‌വത്ത് സാധ്യമല്ലെങ്കിൽ അവരതിന് മിനക്കെടേണ്ട, അല്ലാഹുവും പ്രവാചകനും ഏൽപിച്ച കർത്തവ്യം നിറവേറ്റുന്നതിൽനിന്ന് വിശ്വാസികളെ പിന്തിരിപ്പിക്കുകയും തടയുകയും ചെയ്യാതിരുന്നാൽ മതി; ത്വരീഖത്തും കറാമത്തും സിദ്ധഭക്തിയും ആണ്ടു നേർച്ചയും അപ്പവാണിഭവും നബിജയന്തിയാഘോഷവും ഇസ്മിന്റെ പണിയും സിഹ്റും ജിന്ന്സേവയുമൊക്കെയായി നടക്കുന്ന ഒരു സമൂഹത്തെ അതിൽതന്നെ തളച്ചിടുന്ന വേലയാണ് ഖുർആനിലെ ദഅ്‌വത്ത് എന്ന് ദയവായി ജൽപിക്കാതിരുന്നാൽ മതി.

## അധികാര മോഹം

■ *ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയ പ്രവേശനം ചർച്ചാവിഷയമായിരിക്കുകയാണല്ലോ. ഇപ്പോൾ ജമാഅത്തുകാരോട് സംസാരിച്ചാൽ ഒരു മുസ്‌ലിമിന്റെ ആകെയുള്ള ലക്ഷ്യം ഇസ്‌ലാമിക ഭരണം ഉണ്ടാക്കലാണെന്ന് തോന്നിപ്പോകും. ദഅ്*

*വത്തും ഇസ്‌ലാഹും തൽക്കാലം മാറ്റിവെക്കാം. എന്നാൽ മക്കയിൽ പ്രവാചകൻ(സ)യോട് 'നിന്നെ ഞങ്ങൾ ഈ രാജ്യത്തിന്റെ രാജാവാക്കാം' എന്ന് ഓഫർ നൽകുകയുണ്ടായി. അപ്പോൾ പ്രവാചകൻ (സ) പറഞ്ഞു: 'എനിക്ക് വേണ്ടത് അധികാരമല്ല. വലത് കൈയിൽ സൂര്യനെയും ഇടത് കൈയിൽ ചന്ദ്രനെയും വെച്ചുതന്നാലും ഇത് (ഇസ്‌ലാമിക പ്രബോധനം) ഉപേക്ഷിക്കുകയില്ല'. അധികാരത്തെ വ്യക്തമായി തള്ളിപ്പറയുകയും ദഅ്‌വത്തിനെ ഒരു മുസ്‌ലിമിന്റെ ഏറ്റവും പ്രധാന ചുമതലയായി അവതരിപ്പിക്കുകയും ചെയ്യുകയല്ലേ നബി(സ) ചെയ്തത്. അതുപോലെ ഇബ്‌റാഹീം നബി(അ) തന്റെ വയസ്സുകാലത്ത് പുത്രനു വേണ്ടി ആഗ്രഹിച്ചത് ഇസ്‌ലാമിക പ്രബോധനം (ദഅ്‌വത്ത്) നടത്താൻ വേണ്ടിയാണെന്നും മറ്റു ഭൗതിക നേട്ടങ്ങൾക്കല്ലെന്നും മൗദൂദി സാഹിബ് ഖുത്ബാത്തിൽ പറയുന്നു. അങ്ങനെയാണെങ്കിൽ എല്ലാ പ്രവാചകന്മാരുടെയും ലക്ഷ്യം ഇസ്‌ലാമിക ഭരണം സ്ഥാപിക്കലാണെന്ന് മൗദൂദി സാഹിബ് തന്നെ എഴുതിയതിന് വിരുദ്ധമല്ലേ ഇത്?*

***ഇബ്‌നു ഹമാസ് അബൂദബി***

ജമാഅത്തെ ഇസ്‌ലാമി തുടക്കം മുതൽക്കേ രാഷ്ട്രീയം കൈയാളിയ പ്രസ്ഥാനമാണ്. സജീവ രാഷ്ട്രീയം കൈയാളുന്ന പാർട്ടി രൂപവത്കരണത്തെ കുറിച്ചാണ് ഇപ്പോൾ ആലോചിക്കുന്നത്. മുസ്‌ലിമിന്റെ ആകെയുള്ള ലക്ഷ്യം ഇസ്‌ലാമിക ഭരണം സ്ഥാപിക്കലാണെന്ന് ഒരൊറ്റ ജമാഅത്ത് പ്രവർത്തകനോടും സംസാരിച്ചാൽ തോന്നുകയില്ല; സംസാരിക്കാതെ വിരോധികളുടെ പ്രചാരണം മാത്രം ശ്രദ്ധിക്കുന്നതുകൊണ്ടാണ് അങ്ങനെ തോന്നുന്നത്. രാഷ്ട്രീയമില്ലാത്ത ഇസ്‌ലാമിലോ ഇസ്‌ലാമില്ലാത്ത രാഷ്ട്രീയത്തിലോ ജമാഅത്ത് വിശ്വസിക്കുന്നില്ല. ജനങ്ങളെ അടക്കിഭരിക്കുന്ന അധികാരം നന്നായാലേ സമൂഹം നന്നാവൂ. അധികാരം നന്നാവാൻ സത്യത്തിലും ധർമത്തിലും നീതിയിലും വിശ്വസിക്കുന്ന നിസ്വാർഥരുടെ കരങ്ങളിൽ അത് എത്തിച്ചേരണം. അതിനുകൂടി സഹായകമാണ് ദഅ്‌വത്തും ഇസ്‌ലാഹും. ഈ അജണ്ടകൾ ജമാഅത്ത് കൈയൊഴിയുന്ന പ്രശ്നമില്ല. ജമാഅത്ത് രാഷ്ട്രീയ പാർട്ടിയാവാനും പോവുന്നില്ല. 'എനിക്ക് വേണ്ടത് അധികാരമല്ല' എന്ന് നബി(സ) പറഞ്ഞിട്ടില്ല. 'ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദ് റസൂലുല്ലാഹ്' എന്ന കലിമയിൽ അധിഷ്ഠിതമായ അധികാരമാണ് അദ്ദേഹം വിഭാവനം ചെയ്തത്, സ്ഥാപിച്ചത്. അത്തരമൊരധികാരം ആരും അദ്ദേഹത്തിന് ഓഫർ ചെയ്യുകയോ അദ്ദേഹമത് നിരാകരിക്കുകയോ ചെയ്ത ചരിത്രമില്ല. മറിച്ച് 'നിങ്ങൾ ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറയൂ; അറബികളും അനറബികളും നിങ്ങൾക്ക് കീഴ്പ്പെടും' എന്നാണ് നബി(സ) പറഞ്ഞത്.

## അരാഷ്ട്രീയതയുടെ കാരണം

■ *"പൊതുജനം അരാഷ്ട്രീയതയുടെ തടവുകാരായി മാറുന്നതിന് പ്രധാന കാരണക്കാർ ഇവിടത്തെ രാഷ്ട്രീയ പാർട്ടികൾ തന്നെയാണ്. ജനത്തെ സേവിക്കാനെന്ന നാട്യത്തിൽ സ്വന്തം കീശ വീർപ്പിക്കുന്ന ഉദരംഭരികളായ രാഷ്ട്രീയ നേതാക്കൾ തന്നെയാണ് സമൂഹത്തെ രാഷ്ട്രീയ വിരോധികളാക്കി മാറ്റുന്നത്. രാഷ്ട്രീയത്തിൽനിന്ന് കുത്തിയൊലിച്ചുപോയ മൂല്യങ്ങളും ധാർമികതയും പുനരാവാഹിച്ചാലേ ഈ സ്ഥിതിക്ക് മാറ്റം വരൂ" (ശബാബ് വാരിക, ഫെബ്രുവരി 13, 2009), പ്രതികരണം?*

***നീലിമ കെ അബ്ദുൽ ഖാദർ***
***കരുവൻപൊയിൽ***

രാഷ്ട്രീയത്തിൽ മൂല്യങ്ങൾ പുനഃസ്ഥാപിക്കാൻ മൂല്യബോധമുള്ളവർ പണിയെടുക്കണം. കാഞ്ഞിരം മധുരനാരങ്ങ കായ്ക്കില്ല. ■

ലേഖനം ● **ഡോ. തൗഫീഖുൽ വാഇൗ**

# ഇഖ്‌വാനും തെരഞ്ഞെടുപ്പ് രാഷ്ട്രീയവും സലഫികളും

**ദീനീവിജ്ഞാനത്തിൽനിന്ന്** ഒരു അധ്യായം പോലും വായിക്കാതെ, അതിലെ ഏതെങ്കിലും വിഷയത്തെപ്പറ്റി ഒരു പേജ് പോലും പഠിക്കാതെ ചിലയാളുകൾ അറിവിന്റെ ഉറവും സുന്നത്തിന്റെ കാവൽക്കാരുമായി നടക്കുന്നതു കാണുമ്പോൾ സത്യമായും നാം ഞെട്ടുകയാണ്. എങ്ങനെ ഞെട്ടാതിരിക്കും? ഫത്‌വകൾ നിറച്ച തലകളുമായല്ലേ നടപ്പ്! സലഫും ഖലഫും നമുക്ക് വിധേയം. ഹലാലിന്റെയും ഹറാമിന്റെയും കവാടം നാം തന്നെ. എത്താനുള്ള വഴിയും സ്വീകാര്യതയുടെ താക്കോലും നമ്മുടെ കൈവശം ഭദ്രം. എല്ലാം സ്വന്തംനിലയിൽ ഇജ്തിഹാദ് ചെയ്ത് ഞങ്ങൾ 'കണ്ടെത്തിക്കളയും'!. അബൂഹനീഫയും ശാഫിഈയും മാലികും അഹ്മദുമെല്ലാം അവരവരുടെ കാലത്തെ ഇമാമുകളായിരുന്നു. ഇന്നത്തെ ഇമാമുകൾ നാംതന്നെ. ഞങ്ങൾ ആരെയും തഖ്‌ലീദ് ചെയ്യാറില്ല. അതുകൊണ്ട് ആരും ആരെയും തഖ്‌ലീദ് ചെയ്യരുത്. ഇങ്ങനെ ഓരോരോ വാദങ്ങൾ.

കഴിഞ്ഞ എഴുപതു വർഷമായി ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ സൈദ്ധാന്തിക അടിത്തറ ചോദ്യം ചെയ്യാൻ ഇന്നുവരെ ഒരു പണ്ഡിതനും കഴിഞ്ഞിട്ടില്ല. പക്ഷേ, നമ്മുടെ ചില പണ്ഡിതന്മാർ ഇഖ്‌വാനെതിരെ തീരെ നീതീകരിക്കാനാവാത്ത അസത്യങ്ങൾ എഴുന്നള്ളിച്ചുകൊണ്ടേയിരിക്കുന്നു. ഇസ്‌ലാമിനെതിരെ ശത്രുക്കൾ അനേകായിരം പുസ്തകങ്ങൾ പ്രചരിപ്പിച്ചിട്ടുണ്ട്. ഇവക്കെതിരെ ക്രിയാ

**ഇസ്‌ലാമിനെതിരെ ശത്രുക്കൾ അനേകായിരം പുസ്തകങ്ങൾ പ്രചരിപ്പിച്ചിട്ടുണ്ട്. ഇവക്കെതിരെ ക്രിയാത്മകമായി ഇടപെടാത്ത പണ്ഡിതന്മാരും സംഘടനകളും ഇസ്‌ലാമിനെ സമഗ്രതയോടെ ലോകത്ത് ഉയർത്തിപ്പിടിച്ച ഇഖ്‌വാനെതിരെ രണാരവം മുഴക്കുകയാണ്. ഇതിലൊന്നാണ് ഇഖ്‌വാന്റെ പാർലമെന്റ് പ്രവേശവുമായി ബന്ധപ്പെട്ട ആരോപണം.**

ത്മകമായി ഇടപെടാത്ത പണ്ഡിതന്മാരും സംഘടനകളും ഇസ്‌ലാമിനെ സമഗ്രതയോടെ ലോകത്ത് ഉയർത്തിപ്പിടിച്ച ഇഖ്‌വാനെതിരെ രണാരവം മുഴക്കുകയാണ്. ഇതിലൊന്നാണ് ഇഖ്‌വാന്റെ പാർലമെന്റ് പ്രവേശവുമായി ബന്ധപ്പെട്ട ആരോപണം.

പാശ്ചാത്യരുടെ സാംസ്കാരികയുദ്ധവും അവരുടെ സ്വാധീനവും കാരണമായി പല മുസ്‌ലിം സംഘടനകളും ഈ സാംസ്കാരിക യുദ്ധത്തിനെതിര് നിന്നവരെ തെറ്റിദ്ധരിക്കുകയാണ്. ഇസ്‌ലാമിൽ രാഷ്ട്രീയമില്ല, രാഷ്ട്രീയത്തിൽ മതമില്ല, യഥാർഥ ഇസ്‌ലാമിന് രാഷ്ട്രീയമാവാൻ കഴിയില്ല എന്നൊക്കെ വാദിച്ചുകൊണ്ടിരിക്കുന്നു. രാഷ്ട്രീയമില്ലാത്ത ഇസ്‌ലാം, ബുദ്ധമതത്തെയും ക്രൈസ്തവതയെയും പോലെ കേവലം ആത്മീയമതമായി മാറും.

ഇസ്‌ലാം രാഷ്ട്രവും ദേശവും, ഗവൺമെന്റും സമുദായവും, സ്വഭാവവും ശക്തിയും, കാരുണ്യവും നീതിയും, സംസ്കാരവും നിയമവും, വിദ്യയും വിധിയും, ഭൗതികതയും സമ്പത്തും, സമ്പാദനവും ഐശ്വര്യവും, ജിഹാദും ചിന്തയും, ആദർശവും ഇബാദത്തും എല്ലാമെല്ലാമാണ്. ഖുർആനും നബിചര്യയും വിവിധ കർമശാസ്ത്ര ഗ്രന്ഥങ്ങളും ഇത് സ്ഥാപിക്കുന്നു. ഇസ്‌ലാമിൽ രണ്ട് യജമാനന്മാരില്ല. 'ദൈവത്തിനുള്ളത് ദൈവത്തിനും സീസറിനുള്ളത് സീസറിനും' എന്ന വിഭജനം ഏതായാലും ഇസ്‌ലാമിന്റേതല്ല. ഇസ്‌ലാമിക ആദർശമനുസരിച്ച് മുസ്‌ലിമിന്റെ വ്യക്തിത്വം രാഷ്ട്രീയത്തിൽനിന്ന് വേറിട്ട ഒന്നല്ല. ഇസ്‌ലാമിനെ ശരിയായി മനസ്സിലാക്കിയ ആൾ രാഷ്ട്രീയമായി ഉദ്ബുദ്ധനായിരിക്കും. ഇസ്‌ലാമിക ശരീഅത്താവണം സമൂഹത്തെ ഭരിക്കേണ്ടതെന്ന് അയാൾ സ്വാഭാവികമായും ആഗ്രഹിക്കും. അത് സാധ്യമാകണമെങ്കിൽ തിന്മകളോട് പൊരുതുകയും നീതി സ്ഥാപിക്കുകയും ചെയ്യുന്ന രാഷ്ട്രവും നേതൃത്വവും കൂടിയേ കഴിയൂ. 'മുസ്‌ലിംകളുടെ പ്രശ്നങ്ങൾ ഗൗരവത്തിലെടുക്കാത്തവർ അവരിൽ പെട്ടവരല്ല, അല്ലാഹുവിനോടും ദൂതനോടും മുസ്‌ലിം നേതൃത്വത്തോടും പൊതുജനത്തോടും ഗുണകാംക്ഷ പുലർത്താത്തവർ അവരിൽ പെട്ടവരല്ല. ഏതെങ്കിലും പ്രദേശത്ത് ഒരാൾ പട്ടിണിക്കിരയായാൽ അവരിൽനിന്ന് അല്ലാഹുവിന്റെയും ദൂതന്റെയും ഉത്തരവാദിത്വം ഒഴിഞ്ഞു' (ത്വബറാനി).